പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 929 — 11.03. 2015 ൽ മറുപടിക്ക്.

## ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി രൂപീകരിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010 ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) & (ബി) | സർക്കാരിന്റെ 27.08.2014 ലെ സ. ഉ. (എം.എസ്) നമ്പർ. 104/2010/തൊഴിൽ ഉത്തരവ് പ്രകാര മാണ് സംസ്ഥാനത്തെ പുതുക്കിയ ഉപഭോക്തൃവില സൂചിക നിർണ്ണയ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു സംസ്ഥാന തല സമിതിയായി 'കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010 രൂപീകരിച്ചത്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ചെയർമാനായും, അഡീഷണൽ ഡയറക്ടർ (പ്രൈസ്) മെമ്പർ സെക്രട്ടറിയുമായി രൂപീകരിച്ച 21 അംഗ സമിതിയിൽ ഏഴുവീതം ഔദ്യോഗിക അംഗങ്ങളും തൊഴിലുടമാ പ്രതിനിധികളും, തൊഴിലാളി പ്രതിനിധികളും ഉണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി ഉപഭോക്തൃവില സൂചിക നിർണ്ണയം കാര്യക്ഷമവും, സുതാര്യവും, സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല. |
| (ബി) | ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദമാക്കുമോ; | | ഇത്തരത്തിൽ നിരവധി പ്രായോഗിക തലത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നതിലുള്ള കാലതാമസമല്ലാതെ ഇക്കാര്യത്തിൽ അകാരണമായി കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. സർക്കാരിന്റെ 31.08.2013–ലെ സ. ഉ (എം.എസ്) നമ്പർ. 103/2013/ തൊഴിൽ പ്രകാരം കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി സമർപ്പിച്ച കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നത് വൈകുന്നത് മൂലം തൊഴിലാളികൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ഡി) | കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഉപഭോക്തൃ വില സൂചിക എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ; | (ഇ) | പുതിയ ലിങ്കിംഗ് ഫാക്ടർ, മന്ത്രിസഭായോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അപ്രകാരം അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പുതുക്കിയ ഉപഭോക്തൃവില സൂചിക പ്രാബല്യത്തിൽ വരുന്നതാണ്. |
| (എഫ്) | കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ? | (എഫ്) | ഏകദേശം 600 ഓളം പേജുകളുള്ള പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന്റെ കോപ്പി എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുള്ളത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ.